# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1935

13-06-2019-ലെ മറുപടിയ്ക്ക്

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം<br>ശ്രീ.ജോർജ് എം. തോമസ് | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച സംഭാവനകൾ എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് പ്രളയവുമായി ബന്ധപ്പെട്ട് 10.06.2019 വരെ 4196.38 കോടി രൂപ ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപറയും പ്രകാരമാണ്. |

| | |
|---|---|
| പൊതുജനങ്ങളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക | 2672.79 Cr |
| സാലറി ചലഞ്ച് വഴി ലഭ്യമായ തുക | 1097.22 Cr |
| സർക്കാർ ജീവനക്കാരിൽ നിന്നും ഉത്സവബത്ത ഇനത്തിൽ ലഭ്യമായ തുക | 117.69 Cr |
| ബിവറേജ് കോർപ്പറേഷനിൽ നിന്നും അധിക ടാക്സ് ഇനത്തിൽ ലഭ്യമായത് | 308.68 Cr |
| **ആകെ** | **4196.38 Cr** |

| | |
|---|---|
| ബി) ഇതുവരെ വിനിയോഗിച്ച ഫണ്ടിന്റെ കണക്ക് ഇനം തിരിച്ച് വ്യക്തമാക്കാമോ; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പ്രളയവുമായി ബന്ധപ്പെട്ട് 10.06.2019 വരെ 1917.97 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ സൂചിപ്പിക്കും പ്രകാരമാണ്. |

| **Purpose** | **അനുവദിച്ച തുക** |
|---|---|
| ആശ്വാസധനസഹായം | 4,57,23,43,200 |

| | |
|---|---|
| വീട് / വീടും സ്ഥലവും നാശനഷ്ടം സംഭവിച്ചവർക്കുള്ള ധനസഹായം | 13,17,96,96,700 |
| ചികിത്സ ധനസഹായം | 12,29,910 |
| കെയർഹോം പ്രോജക്ടിനായി കോ-ഓപ്പറേറ്റീവ് രജിസ്ട്രാർക്ക് അനുവദിച്ചത് | 44,98,12,052 |
| ഉപജീവന കിറ്റ് വിതരണം ചെയ്ത ഇനത്തിൽ സിവിൽ സപ്ലൈസ് വകുപ്പ് മാനേജിംഗ് ഡയറക്ടർക്ക് അനുവദിച്ചത് | 42,73,00,000 |
| കർഷക ആനുകൂല്യം നൽകുന്നതിനായി കടാശ്വാസ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ചത് | 54 ,00,00,000 |
| മരണപ്പെട്ടവരുടെ ആശ്രിതർക്ക് | 29,00,000 |
| ഡയറക്ടർ, എസ്.റ്റി വകുപ്പ് | 1,91,000 |
| ഭൂമി നഷ്ടപ്പെട്ടവർക്ക് | 62 ,34,500 |
| **ആകെ** | **1917.97 Cr** |

| | |
|---|---|
| സി) പ്രളയമേഖലയിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ഫണ്ട് വിനിയോഗ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | 2018 -ലെ മഹാപ്രളയബാധിത പ്രദേശങ്ങളിലെ പുനർനിർമ്മാണപ്രവർത്തനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിനിയോഗിച്ച് നടപ്പാക്കാനുള്ള പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുതലവൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം 28.05.2019 ന് കൂടിയിട്ടുണ്ട്. ഈ യോഗത്തിൽ ഉയർന്നു വന്നിട്ടുള്ള വിവിധ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പ്രളയബാധിത മേഖലകളിൽ ഇനി നടത്താനുള്ള നിർമ്മാണപ്രവർത്തനങ്ങളെ സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**